## 1235

*'Abide with me'*

1 കൂടെ പാർക്ക നേരം വൈകുന്നിതാ! കൂരിരുളേറുന്ന പാർക്ക ദേവാ!
ആശ്രയം വേറില്ലനേരമെനിക്കാശ്രിത വത്സലാ കൂടെ പാർക്ക-

2 ആയുസ്സാം ചെറുദിനമോടുന്നു ഭൂസന്തോഷമഹിമ മുങ്ങുന്നു
ചുറ്റിലും കാണുന്നു മാറ്റം കേട് മാറ്റമില്ല ദേവാ കൂടെ പാർക്ക-

3 രാജരാജൻ പോൽ ഭയങ്കരനായ് യാചകൻ സമീപേ വരാതെ നീ
നന്മ ദയ സൗഖ്യമാം നൽവരം നൽകി രക്ഷിച്ചു നീ കൂടെ പാർക്ക

4 സദാ നിൻ സാന്നിദ്ധ്യം വേണം താതാപാതകന്മേൽ ജയം നിൻകൃപയാൽ
തുണ ചെയ്യാൻ നീയല്ലാതാരുള്ളു തോഷതാപങ്ങളിൽ കൂടെ പാർക്ക-

5 ശത്രുഭയമില്ല നീയുണ്ടെങ്കിൽ ലോകക്കണ്ണീരിന്നില്ല കയ്പൊട്ടും
പാതാളമേ, ജയമെവിടെ നിൻ മൃത്യുമുൾപോയ് ജയം കൂടെ പാർക്ക-

6 കണ്ണടഞ്ഞിടുമ്പോൾ നിൻക്രൂശിനെ കാണിക്ക മേൽ ലോകമഹിമയും
ഭൂ മിത്ഥ്യ നിഴൽ ഗമിക്കുന്നിതാ ഭാഗ്യോദയമായ് നീ കൂടെ പാർക്ക-
**T.K.**